നിക്ഷേപകങ്ങൾക്കാണ് പ്രസ്തുത നിക്ഷേപ സുരക്ഷാ പദ്ധതി ബാധകമായിട്ടുള്ളത്. സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്കുകൾ, അർബൻ സഹകരണ ബാങ്കുകൾ തുടങ്ങി ബാങ്കിംഗ് റഗുലേഷൻ ആക്ടിന്റെ പരിധിയിൽ കൂടിവരുന്ന സഹകരണ ബാങ്കുകൾക്ക് നിലവിൽ റിസർവ് ബാങ്കിന്റെ നിയന്ത്രണത്തിലുള്ള ഡെപ്പോസിറ്റ് ഇൻഷ്വറൻസ് ക്രെഡിറ്റ് ഗ്യാരന്റി കോർപ്പറേഷന്റെ നിക്ഷപ സുരക്ഷാ സ്കീമാണ് ബാധകമായിട്ടുള്ളത്.

## കേരളാ കോ-ഓപ്പറേറ്റീവ് ഡെപ്പോസിറ്റ് ഗ്യാരന്റി സ്കീം

**80(2068)** <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം-മരങ്ങാട്ട്പള്ളി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ ആഭിമുഖ്യത്തിൽ കേരളാ കോ-ഓപ്പറേറ്റീവ് ഡെപ്പോസിറ്റ് ഗ്യാരന്റി സ്കീമിൽ അധികമായി അടച്ച പ്രീമിയം തുക തിരികെ നൽകുന്നതു സംബന്ധിച്ച് നൽകിയിരുന്ന പരാതികൾ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ഡെപ്പോസിറ്റ് തിരികെ നൽകുന്നതിന് എന്തെങ്കിലും നിയമ തടസ്സം ഉണ്ടോ ; എങ്കിൽ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ; ഇതുപരിഹരിക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) കോട്ടയം ജില്ലയിലെ 3556-ാം നമ്പർ മരങ്ങാട്ട്പള്ളി സർവ്വീസ് സഹകരണ ബാങ്ക് കേരള സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീമിൽ അധികമായി അടച്ച പ്രീമിയം തുക തിരികെ നൽകുന്നത് സംബന്ധിച്ചുള്ള സംഘം പ്രസിഡന്റിന്റെ നിവേദനത്തിന്മേൽ സംഘം അധികമായി അടച്ച തുക തിരികെ നൽകാൻ കഴിയുകയില്ലെന്നും ആയത് വരുംവർഷങ്ങളിൽ സംഘം അടയ്ക്കേണ്ടതായ തുകയിൽ വകകൊള്ളിക്കുന്നതിനും ബോർഡ് തീരുമാനിച്ച വിവരം സംഘം പ്രസിഡന്റിനെ അറിയിച്ചിരുന്നു.

(ബി) കേരള സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീമിന്റെ കോർപ്പസ് ഫണ്ടിലേക്ക് സംഘങ്ങൾ അധികമായി അടക്കുന്ന തുക തിരികെ നൽകാൻ പാടില്ല എന്ന് കേരള സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീമിൽ വ്യവസ്ഥയില്ല. പ്രസ്തുത തുക മടക്കി നൽകാൻ അപേക്ഷ ലഭിച്ചാൽ അതിന്മേൽ നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly